**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 574** **11-11-2021 - ൽ മറുപടിയ്ക്ക്**

**വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ സി ആർ മഹേഷ്** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം യഥാസമയം നൽകുന്ന കാര്യത്തിൽ വേണ്ടത്ര പരിഗണന നൽകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല. സംസ്ഥാനത്ത് വിളനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകി വരുന്നത്. പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിച്ച കർഷകർക്ക് കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള തുകയും, സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായവും നഷ്ടപരിഹാരമായി നൽകുന്നതാണ്. കൂടാതെ വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായ കർഷകർക്ക് വിള നാശം സംഭവിച്ചാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാൻമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന മാനദണ്ഡങ്ങൾക്കനുസരിച്ച് നഷ്ടപരിഹാര തുക നൽകുന്നതാണ്. |
| (ബി) | പ്രസ്തുത നഷ്ട പരിഹാരം നൽകുന്നതിന് പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിച്ച കർഷകർക്ക് കൃഷിവകുപ്പിന്റെ പദ്ധതികളായ പ്രകൃതി ദുരന്തങ്ങൾക്കുള്ള അടിയന്തിര പരിപാടി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, ദുരന്ത പ്രതികരണ നിധി (SDRF) എന്നിവയിലൂടെ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ഈ പദ്ധതികൾ കൃഷിവകുപ്പിന്റെ AIMS പോർട്ടൽ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. പദ്ധതി മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. a) പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി (സംസ്ഥാന വിഹിതവും, SDRF വിഹിതവും) വിളനാശം സംഭവിച്ച് 10 ദിവസത്തിനുള്ളിൽ കർഷകർ AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കണം. നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അതാത് സമയം |

| | | | |
|---|---|---|---|
| | | | പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം അനുവദിക്കുന്നു. ചുഴലിക്കാറ്റ്, വരൾച്ച, ഭൂമികുലുക്കം, തീപിടിത്തം, വെള്ളപ്പൊക്കം, ആലിപ്പഴ വർഷം, മണ്ണിടിച്ചിൽ, ഹിമപാതം, മേഘവിസ്ഫോടനം, ശൈത്യം, സുനാമി, ശീത തരംഗം, ഇടിമിന്നൽ, തീരദേശ മണ്ണൊലിപ്പ്, ശക്തമായ കാറ്റ്, കുന്നുകൾ ഇടിയുന്നത്, അതിവർഷം എന്നീ പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നു. b) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. പ്രകൃതിക്ഷോഭം മൂലവും, വന്യജീവി ആക്രമണം മൂലവും വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് നഷ്ടപരിഹാരം നൽകുന്നു. നെൽകൃഷിക്ക് കീടരോഗബാധമൂലം ഉണ്ടാകുന്ന നാശങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. പ്രകൃതിക്ഷോഭം സംഭവിച്ച് 15 ദിവസത്തിനുള്ളിൽ AIMS പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കണം. വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ ഹ്രസ്വകാല വിളകൾക്കും, വാർഷിക വിളകൾക്കും പരിരക്ഷ നൽകുന്നു. ഇൻഷ്വർ ചെയ്ത് 7 ദിവസം കഴിഞ്ഞ് ഉണ്ടാകുന്ന കൃഷിനാശത്തിന് മാത്രമാണ് നഷ്ടപരിഹാരം നൽകുന്നത്. c) കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികൾ പ്രധാൻമന്ത്രി ഫസൽ ബീമ യോജന (PMFBY), കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) എന്നിവയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികൾ. ടെണ്ടർ നടപടികളിലൂടെ തിരഞ്ഞെടുത്ത പൊതുമേഖല കമ്പനിയായ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി (AICIL)യാണ് പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. PMFBY പദ്ധതി പ്രകാരം വിളകൾക്കുണ്ടാകുന്ന ഉത്പാദന നഷ്ടത്തിന് കർഷകർക്ക് ആനുകൂല്യം നൽകുന്നു. കൂടാതെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കാലാവസ്ഥാ വ്യതിയാനം മൂലം വിജ്ഞാപനം ചെയ്ത വിളകൾക്ക് സംഭവിക്കാവുന്ന നഷ്ടത്തിന് വിജ്ഞാപനം ചെയ്തിട്ടുള്ള റെഫറൻസ് വെതർ സ്റ്റേഷനുകളിൽ (RWS) നിന്നും ലഭ്യമാകുന്ന കാലാവസ്ഥാ വിവരങ്ങളുടെയും ടേം ഷീറ്റിന്റെയും അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിർണ്ണയിച്ച് നൽകുന്നു. |
| (സി) | വിള ഇൻഷ്വറൻസ് പദ്ധതി പൂർണമായും ഏർപ്പെടുത്തി കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ | (സി) | 2017-ൽ പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന 27 |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | | കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. നിശ്ചിത നിരക്കുകൾ പ്രീമിയമായി ഒടുക്കി അംഗമാകുന്ന കർഷകർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി നഷ്ടപരിഹാരം നൽകിവരുന്നു. 2021-22 വർഷത്തിൽ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് 2000.00 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിച്ച് നൽകി. ഇനിയും അധികമായി ആവശ്യമുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കർഷകരെ പൂർണ്ണമായി ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷയിൻ കീഴിൽ കൊണ്ടു വരുന്നതിനുള്ള ശ്രമങ്ങൾ കൃഷി വകുപ്പ് നടത്തിവരുന്നു. കൂടാതെ കൂടുതൽ വിളകൾ ഉൾപ്പെടുത്തി പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. |
| (ഡി) | നഷ്ടപരിഹാരത്തുകയുടെ കുടിശിക വിതരണം ചെയ്യുന്നതിനായി വിവര ശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | 2020-21, 2021-22 എന്നീ വർഷങ്ങളിലെ മാനുവൽ ആയി അംഗീകരിച്ച ക്ലെയിമുകൾക്കായി വിവിധ ജില്ലകൾക്ക് ആവശ്യമായ 699.93886 ലക്ഷം രൂപയും AIMS online portal മുഖേന അംഗീകരിച്ച (5/11/2021 വരെ) വിവിധ ജില്ലകൾക്ക് ആവശ്യമായ 1482.15500 ലക്ഷം രൂപയും ചേർത്ത് 2182.09386 ലക്ഷം രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ